**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് -കെ എസ് ഇ ബി സെക്ഷൻ ഓഫീസ് കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്നും വാടക നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2358/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,**21/12/2020**

---

**പരാമർശം**:- ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 04/03/2020 ലെ A/4444 /10/18 നമ്പർ **അപേക്ഷ.**

**ഉത്തരവ്**

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മാത്രം ഉൾപ്പെടുത്തി പുതിയ KSEB സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനായി അപേക്ഷകൾ സമർപ്പിച്ചത് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി പത്തു സെന്റ് സ്ഥലമോ വാടക രഹിത കെട്ടിടമോ ലഭ്യമാക്കുവാൻ KSEB ആവശ്യപ്പെട്ടിരുന്നുവെന്നും സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് കണ്ടെത്തി സൗജന്യമായി നൽകണമെന്നും, പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ പരമാവധി 2 വർഷത്തേയ്ക്ക് ഓഫീസ് പ്രവൃത്തിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് സ്വന്തം ചെലവിൽ വാടകയ്ക്ക് എടുത്ത് നൽകണമെന്നുള്ള നിബന്ധനയിലാണ് ടി സെക്ഷൻ അനുവദിച്ചിരിക്കുന്നതെന്നും ആയതുപ്രകാരം പ്രതിമാസം 15000 രൂപ നിരക്കിൽ രണ്ടു വർഷക്കാലയളവിലേക്ക് വാടകക്കെട്ടിടം ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ കെട്ടിടവാടക തനതുഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകണമെന്നും(ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8/ 8/ 18 തീയതിയിലെ സാധാരണയോഗം 5 നമ്പർ തീരുമാനപ്രകാരം) ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മാത്രം ഉൾപ്പെടുത്തി രൂപീകരിക്കുന്ന പുതിയ കെ എസ് ഇ ബി സെക്ഷൻ ഓഫീസ് കെട്ടിടവാടക പ്രതിമാസം 15000 രൂപ നിരക്കിൽ രണ്ടു വർഷക്കാലയളവിലേക്ക് തനതുഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 14:47:29 IST
Reason: Approved